## ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

**CLASS 8 (COMPETITIVEEXAM 2025)**

**1) 1 രാജാക്കന്മാർ അധ്യായം 19 ൽ എലിയാ പ്രവാചകനെ സംബന്ധിച്ച വിവരണങ്ങളിൽ ഉൾപ്പെടാത്തത്**

**A) ശൂനേം കാരിയായ സ്ത്രീ താമസം ഏർപ്പെടുത്തുന്നു**

B) പിൻഗാമിയായി എലീശായെ നിയമിക്കുന്നു

C) ദൈവവുമായി ഹോരേബ് പർവതത്തിൽ വച്ച് സംസാരിക്കുന്നു

D) യിസ്രായേൽ രാജാവായി യെഹുവിനെ നിയമിക്കുന്നു

**2) 'ദൈവം രക്ഷകനാകുന്നു ' എന്ന അർഥം വരുന്ന പേരുള്ള പേരുള്ള പ്രവാചകൻ**

**A) എലീശാ**

B) എലിയാ

C) നാഥാൻ

D) യെശയ്യാവ്

**3) തന്നിരിക്കുന്നവയിൽ നാഥാൻ പ്രവാചകനോട് ബന്ധപ്പെടാത്ത പരാമർശം തെരഞ്ഞെടുക്കുക**

**A) പ്രവാചക ശിഷ്യന്മാർക്കു പായസം കൊണ്ടുള്ള വിഷബാധ ശമിപ്പിച്ചു**

B) നാബോത്തിന്റെ മുന്തിരിത്തോട്ടം ആഹാബ് രാജാവ് കൈക്കലാക്കിയതിനു ദൈവത്തിന്റെ ശിക്ഷ അറിയിച്ചു

C) ശലോമോന്റെയും ദാവീദിന്റെയും രാജത്വത്തിന്റെ വിശ്വസ്ത കാവൽക്കാരൻ

D) ലൗകിക അധികാരികളെ ഭയക്കാതെ ദൈവസന്ദേശം മുഖത്ത് നോക്കി പ്രസ്താവിച്ചതിൽ പ്രഥമഗണനീയൻ

**4) യിസ്രായേൽ രാജ്യത്തിന്റെ വിഭജനവുമായി ബന്ധപ്പെട്ട് ശരിയല്ലാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**

**A) രാജ്യം വിഭജിക്കപ്പെട്ടശേഷം യിസ്രായേൽ യെഹൂദ്യയുമായി യുദ്ധത്തിൽ ഏർപ്പെട്ടു**

B) യെരോബെയാം യിസ്രായേലിന്റെ രാജാവായി

C) യെഹൂദ്യയുടെ തലസ്ഥാനം യറുശലേം ആയി

D) ശലോമോന്റെ ജീവിതത്തിലെ വീഴ്ചകളാണ് രാജ്യം വിഭജിക്കപ്പെടുവാനുള്ള ഒരു കാരണം

**5) യിസ്രായേൽ രാജ്യം വിഭജിക്കപ്പെട്ടപ്പോൾ യെരോബെയാമിനെ സ്വീകരിക്കാതിരുന്ന ഗോത്രങ്ങൾ ഏതൊക്കെ?**

**A) ബെന്യാമീൻ, യെഹൂദാ**

B) ലേവി, ദാൻ

C) രൂബേൻ, യെഹൂദാ

D) ബെന്യാമീൻ, രൂബേൻ

**6) തന്നിരിക്കുന്നവയിൽ യോശീയാ രാജാവിനെക്കുറിച്ചുള്ള പ്രസ്താവനകൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക**

**(i) 31 വർഷം രാജ്യം ഭരിച്ചു**

**(ii) ലേവ്യരല്ലാത്ത പുരോഹിതന്മാരെ നിയമിച്ചു**

**(iii) ദേവാലയ ശുദ്ധീകരണം നടത്തി**

**(iv) യെരുശലേം ദേവാലയത്തിന്റെ നിർമാണം നിർത്തിവച്ചു**

**(v) അന്യദേവന്മാരുടെ വിഗ്രഹങ്ങൾ തകർത്തു**

**A) (i), (iii), (v)**

B) (i), (ii), (iv)
C) (ii), (iii), (v)
D) (ii), Iv), (v)

**7) യെഹുവിന്റെ പിൻമുറയിൽ നാലാം തലമുറ വരെ മാത്രം രാജത്വം നൽകാൻ കാരണം**
**A) അന്യദൈവങ്ങളെ പൂർണമായി നശിപ്പിച്ചില്ല**
B) ആഹാബിന്റെ പിന്മുറക്കാരെ പൂർണമായി നശിപ്പിച്ചില്ല
C) ബാലിന്റെ പ്രവചന്മാരെ പൂർണമായി നശിപ്പിച്ചുകളഞ്ഞു
D) മിസ്രയീമിനു കപ്പം കൊടുക്കുന്നത് നിർത്തി

**8) തന്നിരിക്കുന്നവയിൽ യിസ്രായേലിലെ രാജാക്കന്മാർ മാത്രം അടങ്ങുന്ന ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
**A) യെരോബെയാം, ആഹാബ്, യേഹൂ, ഹോശേയ**
B) രഹേബെയാം, ഉസ്സീയാവ് ,ദാവീദ്, യോശീയാവ്
C) യോശീയാവ് , യെഹോവാഹാസ്, യേഹൂ, ഹോശേയ
D) യെരോബെയാം, ആഹാബ്, രഹേബെയാം, ഉസ്സീയാവ്

**9) തന്നിരിക്കുന്ന രാജാക്കന്മാരുടെ പേരുകളും ഭരണം നടത്തിയ വർഷങ്ങളും തന്നിരിക്കുന്നു. ഇതിൽ ശരിയല്ലാത്തത് തെരഞ്ഞെടുക്കുക**
**A) യെഹോവാഹാസ് - 2 വർഷം**
B) ഉസ്സീയാവ് - 52 വർഷം
C) ഹിസ്കീയാവ് - 29 വർഷം
D) ഹോശേയ - 9 വർഷം

**10) തന്നിഷ്ടപ്രകാരം ഭരണം നടത്തി, ധൂപാർപ്പണം നടത്തി യും കുഷ്ഠരോഗിയായിത്തീർന്ന രാജാവ്**
**A) ഉസ്സീയാവ്**
B) ഹിസ്കീയാവ്
C) യോശീയാവ്
D) സിദെക്കിയാവ്

**11) യൂദായ്ക്കു പകരം തെരഞ്ഞെടുക്കപ്പെടുന്ന ആളിനുണ്ടാവേണ്ട യോഗ്യത എന്തായിരുന്നു?**
**A) കർത്താവിന്റെ സ്നാനം മുതൽ സ്വർഗാരോഹണം വരെ മറ്റു ശിഷ്യന്മാരോട് കൂടെ നടന്നവനാകണം**
B) കാനായിലെ കല്യാണം മുതൽ യേശു ചെയ്ത അത്ഭുതങ്ങൾക്ക് സാക്ഷിയായിരിക്കണം
C) മറ്റു ശിഷ്യന്മാരെപ്പോലെ അത്ഭുതങ്ങൾ ചെയ്യുവാൻ കഴിവുള്ള ആളായിരിക്കണം
D) കർത്താവിന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള സംഭവങ്ങൾക്ക് സാക്ഷിയായിരിക്കണം

**12) പെന്തിക്കോസ്തിയുമായി യോജിക്കാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**
**A) ഓശാനയ്ക്ക് ശേഷം 50 ദിവസം കഴിഞ്ഞാണ് ആചരിച്ചിരുന്നത്**
B) ഉയരത്തിൽ നിന്ന് ശക്തി ലഭിക്കുവോളം യെരുശലേമിൽ തന്നെ പാർപ്പിൻ എന്ന പ്രസ്താവനയുടെ പൂർത്തീകരണമാണ്
C) ദൈവം മോശയ്ക്ക് കല്പനകൾ നൽകിയതിന്റെ ഓർമയാണ്
D) ഇത് കൊയ്ത്തു പെരുന്നാളാണ്

**13) പരിശുദ്ധാത്മാവിന്റെ വരവ് പ്രവചിച്ച പഴയ നിയമ പ്രവാചകന്മാർ**
**A) യോവേൽ, സെഖര്യാവ്**
B) ഏലിയാ, എലീശാ
C) യെശയ്യാവ്, യിരെമ്യാവ്

D) യോനാ, മീഖാ

**14) ആദിമ സഭയുടെ ഒന്നാമത്തെ മുഖമുദ്ര**
**A) അപ്പോസ്തോലിക അധികാരം**
B) സുവിശേഷീകരണം
C) കൂട്ടായ്മ
D) എല്ലാം പൊതുവക എന്ന് കരുതി

**15) ആദിമ സഭ ലോകത്തിന് അനുരൂപമാകാതെയുള്ള ജീവിത ക്രമം ചിട്ടപ്പെടുത്തി.ഇതിന്റെ പ്രത്യേകതകളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക**
**A) യെഹൂദാ മത രീതികൾ കൂടുതലും ഉപയാഗിച്ചു ആരാധന നടത്തി**
B) അപ്പോസ്തോലന്മാരുടെ ഉപദേശം കേട്ടു
C) ഏക മനസ്സും ഏക ഹൃദയവും ഏക ആത്മാവും ഉള്ളവരായി ജീവിച്ചു
D) അപ്പം നുറുക്കിവന്നു

**16) അന്ത്യ കാലത്ത് സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും എന്ന് പ്രവചിച്ച പ്രവാചകൻ**
**A) യോവേൽ**
B) യെശയ്യാവ്
C) യിരെമ്യാവ്
D) എലീശാ

**17) ആദിമ സഭയിൽ ശെമ്മാശ്ശന്മാരെ തെരഞ്ഞെടുക്കുവാൻ പ്രധാന കാരണം**
**A) സഭായോഗങ്ങളിൽ വിധവമാർക്കു പരിഗണന ലഭിക്കുന്നില്ല എന്ന പരാതി പരിഹരിക്കുവാൻ**
B) അപ്പസ്തോലന്മാരെ സഭാ ശുശ്രൂഷകളിൽ സഹായിക്കുവാൻ
C) വിശ്വാസികളുടെ പരാതികൾ നേരിട്ട് മനസ്സിലാക്കി പരിഹാരം കണ്ടെത്തുവാൻ
D) സഭായോഗങ്ങളിൽ പ്രസംഗിക്കുവാൻ

**18) യെഹൂദാ പ്രമാണിമാർ ദൈവദൂഷണം പറയുന്നു എന്ന് സ്തേഫാനോസ് തെളിയിച്ചത് എങ്ങനെ ?**
**A) ദൈവം അയക്കുന്ന പ്രവാചന്മാരെ യെഹൂദാ പ്രമാണിമാർ നിന്ദിക്കുന്നു എന്ന പ്രസ്താവന**
B) സ്തേഫാനോസ് ദൈവത്തിനു വേണ്ടി രക്തസാക്ഷി ആയി
C) യെഹൂദാ പ്രമാണിമാർക്ക് ചെയ്യാൻ കഴിയാത്ത അത്ഭുതങ്ങൾ പ്രവർത്തിച്ചു
D) യെഹൂദാ പ്രമാണിമാർ കള്ളസാക്ഷി പറയുന്നു എന്ന് പ്രസ്താവിച്ചു

**19) സ്തെഫാനോസിനെ സംബന്ധിച്ച് ശരിയായ പ്രസ്താവനകൾ മാത്രം ഉൾപ്പെടുന്ന ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
**(i) എത്യോപ്പിയൻ ഷണ്ഡനെ സൗഖ്യമാക്കി**
**(ii) സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലതുഭാഗത്തെ നിൽക്കുന്നതും കാണുന്നു എന്ന പ്രസ്താവന**
**(iii) അപ്പോസ്തോലന്മാരുടെ കൈവെയ്പ്പ് പ്രാപിച്ചു**
**(iv)ക്രിസ്തുവിനെ പ്രതി മരണം ഏറ്റ ആദ്യത്തെ സഹദാ**
**(v) മരിച്ചവരെ ഉയർപ്പിച്ചു**
**A) (ii), (iii), (iv)**
B) (i), (ii) (iii)
C) (ii), (iii), (v)
D) (i), (iii), (iv)

**20) സ്തേഫാനോസിന്റെ ഓർമ്മ ആചരിക്കുന്ന ദിവസം**
**A) ജനുവരി 8**
B) മാർച്ച് 25

C) ജൂൺ 29
D) ഡിസംബർ 6

**21) നാലാം തുബ്ദേനിൽ സ്തേഫാനോസിനെക്കുറിച്ചുള്ള വിശേഷണം എന്ത് ?**
**A) <u>സഹദേന്മാരിൽ മുമ്പനും പരിശുദ്ധനും മഹത്വമുള്ളവനും</u>**
B) പരിശുദ്ധനായ നിബിയനും പ്രസംഗക്കാരനും
C) സഹദായും മൗദ്യാ നനും
D) നീതിമാനും മല്പാനും സ്തുതിക്കപ്പെട്ടവനും

**22) സർവശക്തിയുള്ളപിതാവും ........................ ............. ദൈവമായ കർത്താവെ നിന്നെയും യേശുമിശിഹയായ ....................................... ദൈവമായ കർത്താവേ വിശുദ്ധ റൂഹായോടുകൂടെ നിന്നെയും ................................................. ഞങ്ങൾ സ്തോത്രം ചെയ്യുന്നു**
**A) <u>സ്വർഗീയ രാജാവും സൃഷ്ടാവുമായിരിക്കുന്ന, ഏക പുത്രനാകുന്ന, നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം</u>**
B) സ്വർഗീയ നാഥനും പരിശുദ്ധനുമായ , സത്യ, ഒരു മനസ്സോടെ
C) സർവത്തിന്റെയും സൃഷ്ടാവുമായ , ഏക പുത്രനാകുന്ന, വിനയത്തോടെ
D) സ്വർഗീയ രാജാവും സൃഷ്ടാവുമായ , ഏക പുത്രനാകുന്ന, എപ്പോഴും

**23) തന്നിരിക്കുന്ന പ്രസ്താവനകളിൽ പത്രോസ് ശ്ലീഹായുടെ മഹത്വത്തെക്കുറിച്ചു ഏറ്റവും യോജിക്കുന്നത് തെരഞ്ഞെടുക്കുക**
**A) <u>ചെയ്ത പ്രവർത്തനങ്ങൾ എല്ലാം മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്കു ആകർഷിക്കാൻ ഉദ്ദേശിച്ചു മാത്രം ആയിരുന്നു L</u>**
B) യേശുവിനെ തള്ളിപ്പറഞ്ഞുവെങ്കിലും പിന്നീട് ഏ റ്റു പറഞ്ഞു
C) പെന്തെക്കോസ്തിയിൽ 3000 പേരെ മനസാന്തരപ്പെടുത്തി
D) സുന്ദരം എന്ന ഗോപുരവാതില്ക്കൽ മുടന്തനെ സൗഖ്യമാക്കി

**24) വിവിധ മാലാഖ ഗണങ്ങളെക്കുറിച്ചു പരാമർശിക്കുന്ന വേദഭാഗങ്ങൾ തന്നിരിക്കുന്നതിൽ ശരിയല്ലാത്തത് തെരഞ്ഞെടുക്കുക**
**A) <u>ക്രൂബെൻമാർ - യോശുവ</u>**
B) ശുൽതോനെന്മാർ - ദാനിയേൽ
C) ഹൈലൈന്മാർ - എഫെസ്യർ
D) സ്രോപ്പെന്മാർ - യെശയ്യാവ്

**25) ശവസംസ്കാര ശുശ്രൂഷയിൽ മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലുന്നത് എന്തിന് ?**
**A) <u>വാങ്ങിപ്പോയ വ്യക്തിയുടെ ആത്മാവിനെ മാലാഖമാരെ ഭരമേല്പിക്കുന്നതിനെ സ്മരിക്കുന്നു</u>**
B) മാലാഖമാരുടെ സാന്നിധ്യം ശുശ്രൂഷയിൽ ലഭിക്കുന്നതിന് വേണ്ടി
C) മാലാഖമാരുടെ സ്തുതിപ്പിൽ ത്രി ത്വസ്തുതി ഉള്ളതുകൊണ്ട്
D) വാങ്ങിപ്പോയ വ്യക്തിയുടെ പാപങ്ങൾ ക്ഷമിക്കുന്നതിനുവേണ്ടി

**26) പ്രത്യേക നമസ്കാരക്രമങ്ങൾ ഉപയോഗിക്കുന്ന നോമ്പുകൾ ഏതൊക്കെ?**
**A) <u>3 നോമ്പ്, 50 നോമ്പ്</u>**
B) ശ്ലീഹാ നോമ്പ്, 50 നോമ്പ്
C) 25 നോമ്പ്, 50 നോമ്പ്
D) 3 നോമ്പ്, 25 നോമ്പ്,

**27) നോമ്പ് നോക്കുന്നവർ ചെയ്യരുതാത്ത കാര്യം തെരഞ്ഞെടുക്കുക**
**A) <u>നീതീകരണം പ്രാപിച്ചശേഷം അതിനെ കുറിച്ച് സംസാരിക്കുക</u>**

B) നോമ്പും ഉപവാസവും ഒരുമിച്ച് അനുഷ്ഠിക്കുക
C) അന്യായ ബന്ധനങ്ങളെ ഹൃദയത്തിൽ നിന്ന് അഴിച്ചു കളയുക
D) അഗതികളെയും രോഗികളെയും സന്ദർശിക്കുക

**28) പ്രാർത്ഥന പൂരിപ്പിക്കുക**
**എല്ലാക്കാലത്തും .................................................**
**ഒക്കെയും നിന്നെ ഞങ്ങൾ വാഴ്ത്തുകയും എന്നേയ്ക്കും വാഴ്ത്തപ്പെട്ടതും നിത്യതയുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ ..............................**
**<u>A) ഞങ്ങൾ ജീവനോടെയിരിക്കുന്ന ദിവസങ്ങൾ, സ്തുതിക്കുകയും ചെയ്യും</u>**
B) ദിവസങ്ങൾ ഒക്കെയിലും, വണങ്ങുകയും ചെയ്യും
C) ഞങ്ങളുടെ ആയുഷ്കാലം , മഹത്വപ്പെടുത്തുകയും ചെയ്യും
D) ഞങ്ങളുടെ ആയുഷ്കാലം , സ്തുതിക്കുകയും ചെയ്യും

**29) തന്നിരിക്കുന്നവയിൽ സൂത്താറാ നമസ്കാരത്തിന്റെ ഭാഗമല്ലാത്തത്**
**<u>A) ഞങ്ങളുടെ കർത്താവായ യേശു മിശിഹാ എന്ന പ്രാർത്ഥന ..</u>**
B) 'എന്റെ നീതിയായ ദൈവമേ ........' എന്ന പ്രാർത്ഥന
C) കരുണയുള്ള ദൈവമേ എന്ന പ്രാർത്ഥന ...
D) 'ഞങ്ങൾക്കുള്ള കർത്താവെ ...' എന്ന പാട്ട്

**30) 'നിന്റെ മക്കൾ നീ കൊടുത്ത നിയമങ്ങളെയും നീ ഉപദേശിച്ചു കൊടുത്ത നിന്റെ ഉപദേശങ്ങളെയും പ്രമാണിക്കുമെങ്കിൽ നിന്റെ മക്കളെ നീ സിംഹാസനത്തിൽ ഇരുത്തും എന്ന് കല്പിച്ചിട്ടുണ്ടല്ലോ' എന്ന അർത്ഥമുള്ള ഗീതത്തിന്റെ ആരംഭം ഏതാണ് ?**
**<u>A) ചാർത്തും നീതിയെ നിന്നാചാര്യന്മാരും ...</u>**
B) ശുചിയോടു ശുദ്ധ്യാ ബസ് കുദിശാ ...
C) ദൈവം സൃഷ്ടിച്ചാദത്തെ ..... ...
D) നയവാൻ പന പോലെ തഴ്ച്ചിടുമേ ...

**31) മണ്ണിൽ നിന്നുളവായ മനുഷ്യന്റെ ഉയർച്ച കണ്ടിട്ട് മാലാഖമാരുടെ ആശ്ചര്യം വിവരിക്കുന്ന ഗീതം**
**<u>A) ദൈവം സൃഷ്ടി ച്ചാദത്തെ ......</u>**
B) നാഥാ താവകാമിരുലോകം ...
C) മുടികൾ മുടഞ്ഞവ നിരനിരയായ്
D) സ്തോത്രം മൃതജീവപ്രദനെ ...

**32) തന്നിരിക്കുന്നവയിൽ 'പരേതർക്കുവേണ്ടിയുള്ള കുക്കിലിയോൻ' അല്ലാത്തത് തെരഞ്ഞെടുക്കുക**
**<u>A) നയവാൻ പനപോലെ തളിർത്തീടുമേ ....</u>**
B) ശരണത്താലെ നിൻ കൃപയിൽ ...
C) രക്ഷകനെ നിൻ ഗാത്രത്തെ ...
D) ഉയിർക്കുന്നോൻ രാജാ ...

**33) യെരുശലേം സുന്നഹദോസിനോട് ബന്ധപ്പെടാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**
**<u>A) പുറജാതികൾ ആദ്യം യെഹൂദാ മര്യാദപ്രകാരം ജീവിക്കണമെന്ന് തീരുമാനിച്ചു</u>**
B) AD 49 ൽ നടന്നു
C) യെരുശലേമിലെ എപ്പിസ്കോപ്പയുടെ അധ്യക്ഷതയിൽ നടന്നു
D) പുറജാതികളിൽ നിന്നും സഭയിൽ ചേരുന്നവരെക്കുറിച്ചുള്ള തീരുമാനമെടുത്തു

**34) വിശ്വാസസമർത്ഥകരുടെ ഗണത്തിൽ ഉൾപ്പെടാത്ത പേര് തിരഞ്ഞെടുക്കുക**

**A) ഹെർമ്മാസ്**
B) ജസ്റ്റിൻ മാർട്ടിയാർ
C) അഥനാഗോറസ്
D) മിലിത്തൂസ്

**35) '86 വർഷം ഞാൻ അവനെ സേവിച്ചു. അവനിതുവരെയും എന്നോടൊന്നും അന്യായമായി പ്രവർത്തിച്ചിട്ടില്ല. അങ്ങനെയെങ്കിൽ എന്നെ വീണ്ടെടുത്ത എന്റെ രാജാവിനെ ഞാൻ എങ്ങനെ തള്ളിപ്പറയും?' എന്ന് പ്രസ്താവിച്ച സഭാപിതാവ്**
**A) സ്മിർണായിലെ പോളികാർപ്പസ്**
B) അലക്സാൻഡ്രിയയിലെ ക്ലിമ്മിസ്
C) ലയോൺസിലെ വി ഐറേനിയസ്
D) സിപ്രിയൻ

**36) സാർവത്രിക സുന്നഹോസിനെ സംബന്ധിച്ചു ശരിയല്ലാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**
**A) എഫേസൂസ് സുന്നഹദോസ് വിളിച്ചുകൂട്ടിയത് കുസ്തന്തിനോസ് ചക്രവർത്തിയാണ്**
B) നിഖ്യ സുന്നഹദോസ് അറിയോസിന്റെ വേദവിപരീതം ചർച്ച ചെയ്തു
C) കുസ്തന്തിനോപോലീസ് സുന്നഹദോസിൽ നിഖ്യ വിശ്വാസപ്രമാണം പരിഷ്കരിച്ചു സ്ഥിരപ്പെടുത്തി
D) കുസ്തന്തിനോ പോലീസ് സുന്നഹദോസ് വിളിച്ചു കൂട്ടിയത് മാസിഡോണിയനിസം നിർമാർജ്ജനം ചെയ്യുവാനാണ്

**37) ക്രിസ്തുമതം വിട്ടുപോയവരെ സ്വീകരിക്കരുതെന്ന വേദവിപരീതം**
**A) ഡോണാറ്റിസം**
B) മാണിക്കയനിസം
C) മൊണ്ടാനിസം
D) മൊണാർക്കിയനിസം

**38) പേർഷ്യൻ കുടിയേറ്റങ്ങൾ സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**
**A) ആദ്യ കുടിയേറ്റത്തിലാണ് തരിസാപ്പള്ളി ചെപ്പേട് ലഭിച്ചത്**
B) A D 345 ലും 825 ലും കുടിയേറ്റങ്ങൾ നടന്നു
C) കുടിയേറിയവർ തെക്കും ഭാഗക്കാർ എന്ന് അറിയപ്പെടുന്നു
D) ആദ്യ കുടിയേറ്റത്തിൽ 400 അംഗങ്ങൾ ഉണ്ടായിരുന്നു

**39) പേർഷ്യൻ കുടിയേറ്റങ്ങളുടെ പ്രത്യേകതകളിൽ ഉൾപ്പെടാത്തത്**
**A) മിഷനറി പ്രവർത്തനങ്ങൾ ശക്തമായി**
B) ക്രിസ്ത്യാനികളുടെ സാമൂഹിക നിലവാരം ഉയർന്നു
C) പേർഷ്യൻ സഭയും മലങ്കരസഭയും തമ്മിലുള്ള ബന്ധം ശക്തമായി
D) കൊല്ലവർഷ രൂപീകരണം

**40) വിശുദ്ധ കുർബാനയുടെ മുൻകുറിയായ സംഭവങ്ങളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക**
**A) കയീന്റെ കാഴ്ച**
B) ഏദനിലെ കനി
C) അബ്രഹാം കണ്ട കുഞ്ഞാട്
D) ദാവീദ് ഭക്ഷിച്ച കാഴ്ചയപ്പം

**41) മൽക്കീസദേക്കിനെക്കുറിച്ചുള്ള വേദഭാഗങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
**A) ഉല്പത്തി 14:18-20, സങ്കീർത്തനം 110: 4, എബ്രായർ 7: 1-10**

B) ദിനവൃത്താന്തം 3: 10, സങ്കീർത്തനം 114: 5 , വി.യോഹന്നാന്റെ സുവിശേഷം 12: 10
C) യെശയ്യാവ് 18: 2, ദാനിയേൽ 8: 10 , സങ്കീർത്തനം 27: 5
D) ഉല്പത്തി 18: 10, സങ്കീർത്തനം 115: 15, എഫെസ്യർ 3:2

**42) യെശയ്യാവിന്റെ നാവിൽ സാറാഫുകൾ തീക്കനൽ സ്പർശിച്ച സംഭവത്തെ എങ്ങനെയാണ് മനസ്സിലാക്കേണ്ടത് ? ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുക്കുക**
**A) വിശുദ്ധ കുർബാന മൂലം നമ്മുടെ അകൃത്യ ങ്ങൾ മോചിക്കപ്പെടുന്നു**
B) വിശുദ്ധ കുർബ്ബാനയെ സംന്ധിക്കുന്ന ധാരാളം സംഭവങ്ങൾ പഴയ നിയമത്തിൽ ഉണ്ട്
C) പഴയ നിയമത്തിലെ സംഭവങ്ങൾ കുർബ്ബാനയുടെ പൂർണ അർത്ഥം ഉൾക്കൊള്ളുന്നില്ല
D) ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള മനുഷ്യൻ എന്ന് യെശയ്യാ പ്രവാചകൻ വിലപിച്ചു

**43) വാങ്ങിപ്പോയ പരിശുദ്ധന്മാരെ അനുസ്മരിക്കുന്ന തുബ്ദേൻ**
**A) 4**
B) 2
C) 3
D) 1

**44) നിഖ്യാ സുന്നഹദോസിന്റെ 1700 വാർഷികാചരണം മലങ്കരസഭ നടത്തിയത് എവിടെവച്ചാണ്**
**A) പഴയസെമിനാരി - പഠിത്തവീട്**
B) ദേവലോകം അരമന
C) പരുമല സെമിനാരി
D) ഉത്തരങ്ങൾ ഒന്നും ശരിയല്ല

**45) മാമോദീസ മുങ്ങുന്ന ഒരുവൻ കർത്താവിന്റെ മരണത്തിലും ഉയിർത്തെഴുനേൽപ്പിലും പങ്കാളിയാകുന്നു എന്ന് എഴുതിയ ആൾ**
**A) വിശുദ്ധ പൗലോസ് ശ്ലീഹ**
B) പത്രോസ് ശ്ലീഹ
C) വിശുദ്ധ യാക്കോബ് ശ്ലീഹ
D) വിശുദ്ധ യോഹന്നാൻ ശ്ലീഹ

**46) തന്നിരിക്കുന്നവയിൽ ബെഞ്ചമിൻ ഫ്രാങ്ക്ളിൻ സമയത്തെക്കുറിച്ചു നടത്തിയ പ്രസ്താവന തെരഞ്ഞെടുക്കുക**
**A) നിങ്ങൾ ജീവനെ സ്നേഹിക്കുന്നുവെങ്കിൽ സമയം വൃഥാവിലാക്കരുത്**
B) എത്ര കഠിന പ്രയത്നം നടത്തി എന്നുള്ളതല്ല, ലഭിച്ച സമയം കൊണ്ട് എത്ര നേടി എന്നതാണ് പ്രധാനം
C) സാമ്പത്തിക കാര്യം പോലെ സമയത്തിനും ബഡ്ജറ്റ് ഉണ്ടാക്കണം
D) സമയക്കുറവാണെങ്കിൽ ചില കാര്യങ്ങൾ 'സാധ്യമല്ല' എന്ന് പറയണം

**47) മാമ്മോദീസ ശുശ്രൂഷയെ സംബന്ധിച്ചു ശരിയല്ലാത്ത പ്രസ്താവന ഏത് ?**
**A) മാമ്മോദീസ മുങ്ങുന്ന വ്യക്തി ഏത് വിഭാഗത്തിൽ പെട്ടവരാണെങ്കിലും സ്ഥാനാർഥികളുടെയും മാതാപിതാക്കൾ കുമ്പസാരവും വിശുദ്ധ കുർബാനയും അനുഭവിക്കുന്നു**
B) മൂറോനഭിഷേകത്താൽ നാം പരിശുദ്ധാത്മാവിന്റെ ആലയങ്ങൾ ആയിത്തീരുന്നു
C) പാപത്തിന്റെയും സാത്താനെയും അടിമത്തത്തിൽ നിന്ന് സ്ഥാനാർത്ഥിയെ മോചിപ്പിക്കുന്ന പ്രതിജ്ഞകൾ മാമ്മോദീസ ശുശ്രൂഷയിൽ ഉണ്ട്
D) മാമ്മോദീസയിലൂടെ വീണ്ടും ജനിക്കുന്നു

**48) ' ...... നീ ഗർഭപാത്രത്തിൽ നിന്നും പുറത്തു വരുന്നതിനും മുമ്പേ**

**ഞാൻ നിന്നെ വിശുദ്ധീകരിച്ചിരിക്കുന്നു' എന്ന് എഴുതിയ പ്രവാചകൻ**
**<u>A) യിരെമ്യാവ്</u>**
B) യെശയ്യാവ്
C) എലീശാ
D) ദാനിയേൽ

**49) വാങ്ങിപ്പോയവരും ശരീരത്തോടെ ഇരിക്കുന്നവരും തമ്മിൽ സംസർഗം നടക്കുന്നത് എങ്ങനെ ?**
**<u>A) ആരാധനയിലും പരസ്പര പ്രാർത്ഥനയിലും കൂടി</u>**
B) വാങ്ങിപ്പോയവർ ക്രിസ്തുവിനെ പ്രസാദിപ്പിക്കാവുന്ന അവസ്ഥയിൽ ആയതു കൊണ്ട്
C) വാങ്ങിപ്പോയവർ ഇപ്പോഴും ആരാധന നടത്തുന്നതുകൊണ്ട്
D) വാങ്ങിപ്പോയവർ ക്രിസ്തുവിലുള്ള വിശ്വാസത്തിൽ തുടരുന്നതുകൊണ്ട്

**50) പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനിയെക്കുറിച്ചുള്ള പരാമർശങ്ങളിൽ ശരിയല്ലാത്തത് തെരഞ്ഞെടുക്കുക**
**<u>A) 1810 ൽ മെത്രാപോലിത്ത ആയി</u>**
B) ടിപ്പുസുൽത്താന്റെ ആക്രമണത്തിൽ വിശ്വാസികളെ ധൈര്യപ്പെടുത്തി
C) വേദപുസ്തകം മലയാളത്തിലേക്ക് തർജമ ചെയ്തു
D) പഴയ സെമിനാരി സ്ഥാപിച്ചു